## അടിയന്തര പ്രമേയം

മി. സ്പീക്കർ: ഇന്നത്തെ അടിയന്തരപ്രമേയം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പേരിലാണ് വന്നത്. അദ്ദേഹം ഇന്ന് സഭയിലുണ്ടാകില്ലെന്ന് നേരത്തെ അറിയിച്ചിരുന്നു. പ്രകൃതി ദുരന്ത വുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് ഈ അടിയന്തരപ്രമേയം അനുവദിക്കുകയും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മറുപടി പറയുകയാണ്.

സംസ്ഥാനത്താകെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൊടുംവരൾച്ചയിൽ കാർഷിക വിളകൾ നശിച്ച് എല്ലാത്തരം കർഷകരും പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, വി. ചെന്താമരാക്ഷൻ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

**കൊടുംവരൾച്ച മൂലമുള്ള കൃഷിനാശം**

മുഖ്യമന്ത്രി (ഉമ്മൻ ചാണ്ടി): സർ, കാലാവസ്ഥാ വ്യതിയാനങ്ങളായ മഴയുടെ കുറവ്, ഊഷ്മാവിലുള്ള വ്യതിയാനം ഇവ നമ്മുടെ കാർഷിക വിളകളെ ബാധിച്ചിട്ടുണ്ട്. കർഷകരെ അത് ബുദ്ധിമുട്ടിലുമാക്കിയിട്ടുണ്ട്. ഈ വർഷം കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 24% മഴ യുടെ കുറവുണ്ടായിരുന്നു. മഴയുടെ കുറവും മറ്റ് പരിഗണനകളും, ജല സ്രോതസ്സിന്റെ എണ്ണം, ഭൂഗർഭ ജലത്തിന്റെ ലഭ്യത, ജനസാന്ദ്രത, ജനജീ വിത സാഹചര്യം ഇതൊക്കെ അടിസ്ഥാനമാക്കി സെപ്റ്റംബറിൽത്തന്നെ 4 ജില്ലകളെ വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപു രം, കൊല്ലം, ഇടുക്കി, വയനാട് എന്നീ നാല് ജില്ലകളിലാണ് വരൾച്ചാനഷ്ടം കണക്കാക്കിയിട്ടുള്ളത്. ഇന്നിപ്പോൾ സ്ഥിതി കുറെക്കൂടി വഷളായിരിക്കുകയാണ്, തുടർന്നും നമുക്ക് മഴ കിട്ടിയിട്ടില്ല. കൂടുതൽ ജില്ലകളെ ഇത് ബാധിച്ചിട്ടുണ്ട്. ഈ 4 ജില്ലകളെ വരൾച്ചബാധിതമായി പ്രഖ്യാപിച്ച അവസരത്തിൽതന്നെ അത് സംബന്ധിച്ചുള്ള നാശനഷ്ടങ്ങ ളുടെ കണക്കെടുത്ത് കേന്ദ്രത്തിലേക്ക് നിവേദനങ്ങൾ കൊടുത്തിരുന്നു. 1995,38,78,000 രൂപയുടെ മെമ്മോറാണ്ടമാണ് കൊടുത്തത്. കേന്ദ്രത്തിൽ നിന്ന് ഒക്ടോബർ 16-ാം തീയതി തന്നെ ഒരു ഒമ്പതംഗ ടീം വന്നു. അവർ വിവിധ സ്ഥലങ്ങൾ പരിശോധിച്ച് പോയിട്ടുണ്ട്. പക്ഷേ 1995 കോടി രൂപ യുടെ നഷ്ടം കണക്കാക്കിയതിൽ 1610 കോടി രൂപ വെള്ളമില്ലാതെ വൈദ്യുതി ഉൽപ്പാദനത്തിൽ വന്ന നഷ്ടമാണ്. അത് കേന്ദ്രത്തിന്റെ

നോംസിൽ വരില്ല. ആ ഒരു ബുദ്ധിമുട്ടുണ്ട്. പക്ഷേ ഇന്ന് അതിൽനിന്നൊക്കെ വ്യത്യസ്തമായ സാഹചര്യമെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ തന്നിരിക്കുന്ന നോട്ടീസ് അനുസരിച്ചുള്ള ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ചാർജ്ജുള്ള മന്ത്രിമാർ വന്ന് യോഗം വിളിച്ചുകൂട്ടുന്നതിനെടുത്ത തീരുമാനങ്ങളെക്കുറിച്ച് കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നാളെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ യോഗം തിരുവനന്തപുരത്ത് വച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെ സ്ഥിതിഗതികൾ കൂടി വിലയിരുത്തി ഒരു തീരുമാനം കൈക്കൊള്ളുന്നതിനുവേണ്ടിയുള്ളതാണ് നാളത്തെ യോഗം നമ്മളെ സംബന്ധിച്ചിടത്തോളം. വളരെ ഗൗരവമായ സാഹചര്യമാണ് നിലനിൽക്കുന്നത് കുടിവെള്ളത്തിന്റെ കാര്യത്തിലും കൃഷി നാശത്തിന്റെ കാര്യത്തിലും നമ്മൾ പ്രത്യേകമായ ശ്രദ്ധ ചെലുത്തിയേ മതിയാകൂ. അക്കാര്യത്തിൽ ഗവൺമെന്റ് തലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾക്ക് രൂപംകൊടുത്തിട്ടുണ്ട്. ഇനിയും എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ നിശ്ചയമായും ഗവൺമെന്റ് അതും കണക്കിലെടുക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മുഖ്യമന്ത്രി വിശദീകരിച്ചപ്പോൾത്തന്നെ ഇതിന്റെ ഗൗരവം സഭയ്ക്ക് ബോദ്ധ്യമാണ്. എന്നാൽ അതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് പക്ഷത്തുനിന്ന് എടുക്കുന്നില്ല എന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കുമ്പോഴുള്ള പ്രധാനപ്പെട്ട കാര്യം. ഇന്ന് ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 19 മാസം തികയുന്ന ദിവസമാണ്. 2011 മെയ് മാസം 18-ാം തീയതി അധികാരത്തിൽ വന്ന് 2012 ഡിസംബർ 18 ആകുമ്പോൾ 19 മാസം തികയുകയാണ്. ഇവിടെ ഒരു കാര്യം ഞാൻ അനുശങ്കികമായി സൂചിപ്പിക്കുകയാണ്, ഈ കഴിഞ്ഞ ഒക്ടോബർ മാസം ആദ്യം തന്നെ കേരളത്തിൽ ഡിസംബർ മാസത്തിൽ വിലക്കയറ്റമുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. പക്ഷേ ഗവൺമെന്റ് നിലപാടുകളെടുക്കാത്തതുകൊണ്ട് ഡിസംബർ മാസത്തിൽ അത് ചർച്ച ചെയ്യപ്പെട്ടതിനുശേഷമാണ് ഗവൺമെന്റ് വിലക്കയറ്റവുമായി ബന്ധപ്പെട്ട നിലപാടുകളെടുത്തത്. കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽത്തന്നെ കേരളത്തിൽ മൺസൂൺ ചതിച്ചതുകാരണം, കഴിഞ്ഞ മൺസൂൺ ജൂൺ 1-ന് തുടങ്ങിയില്ല, ജൂൺ അവസാനമാണ് മൺസൂൺ തുടങ്ങിയത്, മൺസൂണിൽ വളരെ കുറവ് വന്നു. മൺസൂണിൽ കുറവ് വന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളെയാണ് വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചത്. പക്ഷേ ഇപ്പോഴും ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ എത്രത്തോളം ശക്തമാണെന്ന് ഗവൺമെന്റ് ആലോചിക്കണം. നമ്മൾ വളരെ വലിയ ഭക്ഷ്യ ക്ഷാമത്തി

ലേക്ക് പോകുകയാണെന്ന് ഇന്ത്യാ ഗവൺമെന്റ് തന്നെ പ്രഖ്യാപിക്കുകയാണ്. ഈ വർഷം ധാന്യ ഉൽപ്പാദനത്തിൽ 10% കുറവ് വരുമെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. സ്വാഭാവികമായി തമിഴ്നാട് നമുക്ക് തന്നുകൊണ്ടിരുന്നത് തരാൻ പറ്റുകയില്ലെന്ന് മാത്രമല്ല, അവർ അന്യാശ്രയം തേടുകയാണ്. കർണ്ണാടകത്തിൽ ചുവന്ന അരി യുടെ ഉൽപ്പാദനം കുറയുകയാണെന്ന്. ശ്രീ. വി. ഡി. സതീശൻ തന്നെ പറഞ്ഞു. ആന്ധ്രയിൽ നിന്ന് അരി കയറ്റിക്കൊണ്ടുവരാനുള്ള വാഗൺ സംവിധാനം തന്നെ ഇല്ലാതാവുകയാണ്. കൺസ്യൂമർ ഫെഡ് കൊണ്ടുവന്ന വാഗൺ വഴിക്ക് തടഞ്ഞിട്ടിരിക്കുകയാണ്. ഇതെല്ലാം സംഭവിക്കുകയാണ്. ഇതെല്ലാം സംഭവിക്കുമ്പോഴാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പാദന ക്ഷമതയുള്ള മേഖലകളിലൊന്നായ പാലക്കാടിന്റെ കിഴക്കൻ മേഖല, ചിറ്റൂർ മേഖലയിൽ 20,000 ഹെക്ടറോളം ഏതാണ്ട് 50,000 ഹെക്ടറിൽ നെൽക്കൃഷി നശിച്ചുപോകാവുന്ന തരത്തിൽ എത്തുകയാണ്. അതിന്റെ പ്രധാന കാരണം ഗവൺമെന്റിന്റെ ഒരു ഇടപെടൽ പ്രശ്നം അതിനകത്തുണ്ട്. തമിഴ്നാട്ടിലെ ആളിയാർ-പറമ്പിക്കുളം പദ്ധതിയിൽ നിന്ന് നമുക്ക് കിട്ടേണ്ടത് ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ....എല്ലാവരും സീറ്റിൽ ഇരിക്കുക....സീറ്റിൽ ഇരിക്കുക. അടിയന്തരപ്രമേയമാണ്, എല്ലാവരും സീറ്റിൽ ഇരിക്കുക. യെസ്....യെസ്....(ബഹളം).....ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് please go to your seat.

ശ്രീ. മുല്ലക്കര രത്നാകരൻ: മുഖ്യമന്ത്രി പറഞ്ഞ ഗൗരവത്തിൽത്തന്നെയാണ് ഭരണകക്ഷി ഇത് എടുക്കുന്നതെന്ന് ഫീൽ ചെയ്യുന്നില്ല. അങ്ങനെയാണെങ്കിൽ സഭ മുഴുവൻ ശ്രദ്ധിക്കണം. ആളിയാർ-പറമ്പിക്കുളം പദ്ധതിയിൽ നിന്ന് നമുക്ക് മൊത്തം കിട്ടേണ്ട ഏഴേകാൽ ലക്ഷം ടി. എം. സി. ജലത്തിൽ ഡിസംബർ 16 മുതൽ ജനുവരി 31 വരെ നെൽക്കൃഷിയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാലമാണ്. ആ സമയത്ത് വെള്ളം കിട്ടിയില്ലെങ്കിൽ പാലക്കാട് ജില്ലയിലെ, കേരളത്തിന്റെ നെല്ലറയിലെ 50,000 ഏക്കർ സ്ഥലത്തെ കൃഷി നശിച്ചുപോകുകയാണ്. ഇന്നത്തെ കാലാവസ്ഥയിൽ കേരളത്തിൽ ഈ ഭക്ഷ്യക്ഷാമം കൂടി നേരിടുന്ന അവസ്ഥയിൽ അത് നമുക്ക് താങ്ങാൻ സാധിക്കുന്നതല്ല. തമിഴ്നാടുമായി പൊള്ളാച്ചിയിൽ കേരളത്തിലെ ഉദ്യോഗസ്ഥ സംഘം ഒരു ചർച്ച നടത്തിയപ്പോൾ 750 ടി. എം. സി. ജലം തരാമെന്നാണ് തമിഴ്നാട് പറഞ്ഞത്. 750 ടി. എം. സി. ജലം തന്നാൽ ആ കനാലിന്റെ തീരത്തുള്ള നെല്ലുകൾക്ക് മാത്രമേ നനവ് പറ്റൂ. പത്ത്-പതിനയ്യായിരം ഹെക്ടറിലെ മുപ്പത്-മുപ്പത്തിരണ്ടായിരം ഏക്കറിലെ കൃഷി നശിച്ചുപോകും. സത്യത്തിൽ ഈ അവസ്ഥയിൽ കേരളാ ഗവൺമെന്റ് തമിഴ്നാടുമായി മന്ത്രിതല ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ആ കർഷകർ ചെയ്ത ഏറ്റവും വലിയൊരു പ്രശ്നമെന്താണെന്നുവച്ചാൽ അവർ കൂടിയ വില കൊടുത്ത് വളം വാങ്ങി ഗവൺമെന്റ് സഹായമെത്താൻ താമസിച്ചിട്ടും പണം പലിശയ്ക്കെടുത്ത് കൃഷിക്കുവേണ്ടിയുള്ള കളമൊരുക്കി എന്ന

താണ്. പാലക്കാട് ജില്ലയിൽ മൊത്തം 52,000 ഹെക്ടർ കൃഷി ചെയ്യുന്നതിൽ 20,000 ഹെക്ടറും നെൽക്കൃഷി മേഖലയിലാണ്. ആ 20,000 ഹെക്ടർ നെല്ല് കേരളത്തിന് നഷ്ടപ്പെട്ടാൽ അത് കേരളത്തിലെ കാർഷിക മേഖലയിലെ കർഷകർക്ക് മാത്രം വരാവുന്ന ഒരു ദുരന്തമല്ല. അത് ഇന്നത്തെ അവസ്ഥയിൽ കേരളത്തിന് മൊത്തം വരുന്ന ഒരു ദുരന്തമാണ്. ഇത് അവിടെ മാത്രമല്ല, കേരളത്തിലെ പച്ചക്കറി മേഖലയിൽ പഴം - കൃഷി മേഖലയിലൊക്കെ കാണാവുന്നതാണ് വാഴത്തോട്ടങ്ങൾ മിക്കവാറും കരിഞ്ഞുണങ്ങി നിൽക്കുകയാണ്. കേരളത്തിൽ ആയിരക്കണക്കിന് ഏക്കറിലെ വാഴ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പാലക്കാടിന്റെ മാത്രം പ്രശ്നമല്ല. കൊല്ലം ജില്ലയിലെ പരപ്പാർ ഡാം. തെന്മല ഡാം ഇവയൊക്കെ എടുത്താൽ തെന്മല ഡാമിന്റെ ചരിത്രത്തിൽ ഡിസംബർ മാസത്തിലെ ഏറ്റവും താഴ്ന്ന തലത്തിലെ ജലനിരപ്പാണ് ഇവിടെയുള്ളത്. അവിടെ വെള്ളം തുറന്നുവിടുന്നില്ല. അതുകാരണം കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ധാരാളം പഞ്ചായത്തുകളിലെ കിണറ്റിൽ വെള്ളമില്ല, കുളത്തിൽ വെള്ളമില്ല, കുടിവെള്ളമില്ല, കൃഷിക്ക് വെള്ളമില്ല. ഇത് വല്ലാത്തൊരു പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ കൊല്ലം ജില്ലയിൽ 5 ലക്ഷത്തിന്റെ ഒരു പമ്പ്സെറ്റ് കേടായത് വയ്ക്കാൻ വാട്ടർ അതോറിറ്റിയോട് ചോദിക്കുമ്പോൾ അലോട്ട്മെന്റ് ഇല്ലെന്നാണ് പറയുന്നത്. കളക്ടർ ഫണ്ടില്ലെന്നാണ് പറയുന്നത്. കൊല്ലം പട്ടണത്തിന്റേതുൾപ്പെടെയുള്ള കുടി

വെള്ളത്തിന്റെ ആവശ്യം നിറവേറ്റുന്നത് ശാസ്താംകോട്ട കായലാണ്. ശാസ്താംകോട്ട കായലിൽ മാർച്ച് മാസമൊക്കെ ആകുമ്പോൾ വരൾച്ചയുണ്ടായി വെള്ളം താഴാറുണ്ട്. പക്ഷേ ആ ശാസ്താംകോട്ട കായൽ ഡിസംബർ മാസത്തിൽ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന ജലനിരപ്പിൽ നിൽക്കുകയാണ്. സത്യത്തിൽ അതിഭയാനകമായ ഒരു അവസ്ഥയിലേക്ക് കേരളം സഞ്ചരിക്കുകയാണ്. കേരളത്തിലെ മിക്ക പട്ടണങ്ങളും മിക്ക ഗ്രാമങ്ങളും ഈ ഡിസംബർ മാസത്തിൽ വരൾച്ചയിലേക്ക് കടന്നിരിക്കുകയാണ്. സാധാരണ, കേരളത്തിലെ മിക്കവാറും ഡാമുകളും കുളങ്ങളും കിണറുകളും വെള്ളം വറ്റാതെ ജലസമൃദ്ധമായി നിൽക്കുന്ന ഒരു അവസരമാണ് തുലാവർഷം കഴിഞ്ഞുള്ള ഡിസംബർ മാസം. ഇപ്പോൾ ഡിസംബർ മാസത്തിൽ ഏതാണ്ട് മാർച്ച്-ഏപ്രിൽ മാസങ്ങളിലെ പ്രതീതിയിലേക്ക് കേരളം എത്തിയെങ്കിൽ നാല് മാസം കഴിയുമ്പോൾ കേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? ഇന്ന് വൈകിട്ട് അങ്ങ് തന്നെ ഉത്ഘാടനം ചെയ്യുന്ന ഒരു പദ്ധതിയുണ്ട് - 'നല്ല നാട്, നല്ല വെള്ളം' എന്ന പദ്ധതി. കേരളത്തിൽ നല്ല വെള്ളം ആകെയുള്ളത് മന്ത്രി ശ്രീ. കെ. ബാബുവിന്റെ 'നല്ല വെള്ളം' മാത്രമാണ്. അതല്ലാതെ സാധാരണക്കാരന് കുടിക്കാൻ നല്ല വെള്ളമില്ല. കേരളത്തിൽ ഇത്രത്തോളം ജലക്ഷാമമുണ്ടായിട്ടും, ഇത്രത്തോളം കിണറുകൾ വറ്റിയിട്ടും ഇത്രത്തോളം നദികൾ.... കഴിഞ്ഞ ദിവസം ഭാരതപ്പുഴയുടെ കാര്യത്തിൽ ഇവിടെ സബ്മിഷൻ വന്നു. ഭാരതപ്പുഴ ഡിസംബർ മാസത്തെ അതിന്റെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന ജലനിരപ്പിലാണ്. മല

യാള മനോരമ പറയുന്നത് 'മണൽപ്പുഴ' എന്നാണ്. അവിടെ മണൽ പോലുമില്ലാത്ത സ്ഥിതിയാണ്. അശാസ്ത്രീയമായ മണലെടുപ്പാണ് അവിടെയുള്ളത്. ഇതെല്ലാം കൂടി ചേർന്ന അന്തരീക്ഷമാണ് ഇവിടെയുള്ളത്. ഇവിടെ അങ്ങ് പറഞ്ഞത് സെപ്തംബർ മാസത്തിൽ മൺസൂൺ കുറഞ്ഞതുകാരണം കേന്ദ്രസംഘത്തോട് ഇവിടം സന്ദർശിക്കണമെന്ന് ആവശ്യപ്പെട്ടു, കേന്ദ്രസംഘം വന്നു എന്നാണ്. കേന്ദ്രസംഘം സന്ദർശിച്ചത് എവിടെയാണ്? രൂക്ഷമായ കൃഷിനാശമുള്ള ഏതെങ്കിലും പ്രദേശം കേന്ദ്രസംഘം സന്ദർശിച്ചോ? തിരുവനന്തപുരം ജില്ലയിൽ നഗരൂരിലും പുളിമാത്തും പോയി. പിന്നെ അവർ പോയത് ഡാമുകൾ സന്ദർശിക്കാനാണ്. ഡാമുകളിൽ പോയി ജലനിരപ്പ് നോക്കുകയായിരുന്നു. മാത്രവുമല്ല കേന്ദ്രസംഘം ഇവിടെ വന്നപ്പോൾ അവരെ സ്വീകരിച്ചത് മഴയാണ്. ഈ കഴിഞ്ഞ ഒക്ടോബർ 15, 16 തീയതികളിൽ കേരളത്തിൽ കനത്ത മഴയായിരുന്നു. 1995 കോടി രൂപയുടെ സഹായത്തിന് അഭ്യർത്ഥിച്ചിട്ട് അതിന്റെ സ്ഥിതി എന്താണ്? ആദ്യം 1400-ഓളം കോടി രൂപയുടെ സഹായമാണ് ചോദിച്ചത്, പിന്നീട് 1995 കോടി രൂപയുടേതായി പുതുക്കിക്കൊടുത്തതാണ്. എന്തുകൊണ്ട് ദുരന്തബാധിത ജില്ലകളായി പ്രഖ്യാപിച്ച ജില്ലകൾക്കുപോലും വേണ്ടത്ര സഹായം നൽകിയില്ല. ഒരു അഞ്ച് ലക്ഷത്തിന്റെ കാര്യം വന്നാൽ, പത്ത് ലക്ഷത്തിന്റെ കാര്യം വന്നാൽ അല്ലെങ്കിൽ ഒരു കിണർ വൃത്തിയാക്കുന്ന കാര്യം വന്നാൽ കൊടുക്കാൻ പൈസ ഇല്ലാതാകുന്നു. കേരളത്തിലെ കാർഷികമേഖലയുടെ കാര്യമെടുത്താൽ, കഴിഞ്ഞ 19

മാസം കൊണ്ട്  കൃഷിക്കാരന് നഷ്ടപ്പെട്ടത് എന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് കേരളത്തിന്റെ നെല്ലറയായ പാലക്കാട്ട് 4000-ലധികം കർഷകർക്ക് പെൻഷനുണ്ടായിരുന്നു. അത് കൃത്യമായി മാസംതോറും എ.ടി.എം. മുഖാന്തിരം കിട്ടിയിരുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് നെൽകൃഷിക്കാർക്ക് കൊടുത്ത പെൻഷൻ സന്തോഷപൂർവ്വം, അഭിമാനപൂർവ്വം അവർ കൈപ്പറ്റിയിരുന്നു.  അന്നത്തെ അവശേഷിച്ച ഫണ്ടുകൊണ്ട്  യു.ഡി.എഫ്. വന്നതിനുശേഷം 8 മാസം കൂടി പെൻഷൻ കൊടുത്തു. അതിനുശേഷം ഇതുവരെ കൊടുത്തിട്ടില്ല. 2011 മെയ് മാസം 18-ാം തീയതി അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ ആദ്യ ബഡ്ജറ്റിൽ നെൽക്കർഷകർക്കുമാത്രമല്ല കേരളത്തിലെ എല്ലാ കർഷകർക്കും പെൻഷൻ കൊടുക്കാൻ പോകുകയാണെന്ന് പറഞ്ഞു.  പത്തൊമ്പത് മാസം കഴിഞ്ഞിട്ടും ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു കർഷകനും പെൻഷൻ കൊടുത്തിട്ടില്ല. എന്താണ് വേഗത? ഞാൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത്  നാളികേര സംഭരണത്തിന്റെ കാര്യത്തിൽ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നിട്ടുണ്ട്. 2010-11-ലെ എൽ.ഡി.എഫ്. ഭരണകാലത്തെ നാളികേര സംഭരണം അങ്ങ് പരിശോധിക്കണം. 2010-11-ൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 50,000-ലധികം ടൺ കൊപ്ര കേരളത്തിൽ സംഭരിച്ചു. 2011-12-ൽ നാളി

കേരത്തിന്റെ വില വല്ലാതെ ഇടിഞ്ഞു. എത്രയാണ് സംഭരിച്ചത്? കേരളത്തിലെ കർഷകന് എൽ.ഡി.എഫ്. ഗവൺമെന്റ് സംഭരിച്ചതുപോലെ സംഭരിച്ചെങ്കിൽ 100 കോടി രൂപയെങ്കിലും അവന്റെ കയ്യിൽ കിട്ടിയേനെ. അത് നഷ്ടപ്പെട്ടത് ഈ 19 മാസക്കാലത്താണ്. ഇതിന് ആര് ഉത്തരം പറയും? അങ്ങ് എടുത്ത കണക്കനുസരിച്ച് വൈദ്യുതിയുടെ കാര്യത്തിലല്ല കേരളത്തിൽ ഏറ്റവും ഉൽപ്പാദനക്ഷമത കുറയാൻ പോകുന്നത് മറിച്ച് നാളികേരളത്തിനാണ്. കാലവർഷം ചതിച്ചതുകൊണ്ടും തുലാവർഷം ചതിച്ചതുകൊണ്ടും ഉൽപ്പാദനം കുറയുകയാണ്. കേരളത്തിൽ റബറിന്റെ ഉൽപ്പാദനം കുറയുകയാണ്. നെല്ലിന്റെ ഉൽപ്പാദനം കുറയാൻ പോകുകയാണ്. ഏലത്തിന്റേത്, കുരുമുളകിന്റേത്, പച്ചക്കറിയുടേത് അങ്ങനെ പലതിന്റേതും കുറയാൻ പോകുകയാണ്. കൃത്യമായ കണക്കെടുത്തിട്ടുണ്ടോ? അത് കേന്ദ്രത്തിന് കൊടുത്തിട്ടുണ്ടോ? അതിൽ ആശ്വാസ നടപടിയെന്താണ്? കേരളത്തിൽ ഡാമുകൾ വറ്റിവരളുമ്പോൾ കുടിവെള്ളം ഇല്ലാതാകുമ്പോൾ, ഉള്ള കുടിവെള്ള സ്രോതസുകൾ സംരക്ഷിക്കാൻ ഈ 'നല്ല നാടും നല്ല വെള്ളവും' ഉത്ഘാടനം ചെയ്യപ്പെടുന്ന കാലത്ത് പഞ്ചായത്തിന് ഏതെങ്കിലും വകുപ്പുണ്ടോ? താഴോട്ട് കൊടുക്കാൻ പഞ്ചായത്തിന് ഏതെങ്കിലും പദ്ധതിയുണ്ടോ? ഈ ദുരന്ത കേരളത്തെ മൊത്തം ദുരന്തബാധിത സംസ്ഥാനമായി, വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടി നീക്കുകയാണ്. അങ്ങനെ നടപടി നീക്കുന്നെങ്കിൽ

കേരളത്തിലെ ഈ ദുരന്തം നേരിടുന്ന കർഷകരെ സഹായിക്കാനുള്ള പദ്ധതികൾ, കുടിവെള്ളം..........................

മി. സ്പീക്കർ : ശ്രീ. മുല്ലക്കര രത്നാകരൻ, പ്ലീസ് കൺക്ലൂഡ്, പന്ത്രണ്ട് മിനിട്ടായി.

ശ്രീ. മുല്ലക്കര രത്നാകരൻ : വളരെ പ്രധാനപ്പെട്ട വിഷയമാണിത്.

മി. സ്പീക്കർ : എല്ലാം വളരെ പ്രധാനപ്പെട്ട വിഷയമാണ്. അങ്ങനെ പറഞ്ഞിട്ട് കാര്യമുണ്ടോ? ഇവിടെ മുമ്പ് അടിയന്തരപ്രമേയത്തിന് എത്ര മിനിട്ട് കൊടുത്തിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം.

ശ്രീ. മുല്ലക്കര രത്നാകരൻ : പലിശരഹിത വായ്പയും മറ്റും നൽകി കേരളത്തിലെ കർഷകർക്ക് ആശ്വാസമായ നടപടി കൈക്കൊള്ളണം. ചില മേഖലകളിലെ കർഷകരെങ്കിലും, പ്രത്യേകിച്ച് നെൽമേഖലയിലെ കർഷകരെടുത്തിട്ടുള്ള കടങ്ങളും നാളികേര മേഖലയിലെ കർഷകരെടുത്തിട്ടുള്ള കടങ്ങളും എഴുതിത്തെള്ളാൻ അത് കേന്ദ്രത്തിന് മുമ്പിൽ അവതരിപ്പിക്കണം. ഉൽപ്പാദനക്ഷമത കൊണ്ടുണ്ടാകുന്ന നഷ്ടത്തിന്റെ കൃത്യമായ കണക്കെടുക്കണം. റബ്ബർ ഉൾപ്പെടെയുള്ളതിന് വില കുറഞ്ഞിരിക്കുകയാണ്. പ്രതിസന്ധിയിലെത്തി നിൽക്കുന്ന, കടം തിരിച്ചടക്കാൻ പറ്റാതായ കർഷകരെ പ്രത്യേക തരത്തിൽ ആശ്വസിപ്പിക്കാവുന്ന, സഹായിക്കാവുന്ന പദ്ധതി കൂടി പ്രഖ്യാപിച്ച് കേരളത്തിൽ വരുന്ന മാസങ്ങളിൽ കുടിവെള്ളമുണ്ടെന്ന് ഉറപ്പാക്കാൻ, കാർഷിക മേഖലയിൽ വന്ന പ്രതിസന്ധി പരിഹരിക്കുമെന്ന് ഉറപ്പാക്കാൻ, നെൽകൃഷി ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ,

തമിഴ്നാട് തരാനുള്ള വെള്ളം കൃത്യമായി വാങ്ങാനുള്ള ഇടപെടൽ നടത്താൻ, അതിൽ കേന്ദ്രം ഇടപെടണമെങ്കിൽ അതിനുള്ള സംവിധാനം ഉണ്ടാക്കാൻ തയ്യാറാകണമെന്നും ഈ സഭാനടപടികൾ നിറുത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വരൾച്ചയുടെ രൂക്ഷതയെക്കുറിച്ച് പറഞ്ഞു. അത് ഞാൻ വ്യക്തമാക്കി. ഗവൺമെന്റ് വരൾച്ചയുടെ രൂക്ഷത പൂർണ്ണമായും മനസ്സിലാക്കുന്നു. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ 14 ജില്ലകളിലും അടിയന്തരമായി യോഗം വിളിച്ചുകൂട്ടുന്ന കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നാല് ജില്ലകൾ നമ്മൾ സെപ്തംബറിൽ പ്രഖ്യാപിച്ചു. അവിടെ കളക്ടർമാർ ആവശ്യപ്പെടുന്ന അത്രയും രൂപ അവിടത്തെ ആവശ്യത്തിനുവേണ്ടി കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം കളക്ടറുടെ കൈയിൽ കൊടുത്ത തുകയിൽ 5 കോടി രൂപ ഇനിയും അവശേഷിക്കുന്നുണ്ടെന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായി. നാല് ജില്ലകളിലും ആവശ്യാനുസരണം, അവർ ആവശ്യപ്പെടുന്ന തുക കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സി. ദിവാകരൻ : കളക്ടർമാർ ഒന്നും ചെയ്യുന്നില്ല.

ശ്രീ. രാജു എബ്രഹാം : .....................(മൈക്ക് ഓഫ്)...................

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം, പ്ലീസ്, പ്ലീസ്................. മുഖ്യമന്ത്രി എഴുന്നേറ്റതേയുള്ളു. ................ ഇല്ല, ഇല്ല. മുഖ്യമന്ത്രി മറുപടി പറഞ്ഞാൽ മതി.

ശ്രീ. മുല്ലക്കര രത്നാകരൻ : കഴിഞ്ഞ ഡി.ഡി.സി. യോഗത്തിൽ കൊല്ലത്ത് ഞാൻ ഉണ്ടായിരുന്നു. കൊല്ലത്ത് ആറ്റൂർക്കോണം കുടിവെള്ള പദ്ധതി എന്ന ഒരു പദ്ധതിയുണ്ട്. 30 ദിവസം മുമ്പ് ഇവിടെത്തെ പമ്പ് കത്തിപ്പോയി. 5 ലക്ഷം രൂപ കൊടുത്താൽ ഒരു പമ്പ് വാങ്ങാം. ഞാൻ കഴിഞ്ഞ ദിവസവും ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ അത് കൊണ്ടുവന്നിരുന്നു. അപ്പോൾ കളക്ടർ പറയുന്നത് അതിനുള്ള ഓർഡർ ഇല്ല എന്നാണ്. എങ്ങനെയാണ് അത് പരിഹരിക്കുക? അങ്ങനെയാണെങ്കിൽ ഇവിടെനിന്നും അതിന്റെ ഓർഡർ കൊടുക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യംതന്നെ ഇരുന്നാൽ അങ്ങേയ്ക്ക് തീർക്കണ്ടേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏതായിരുന്നാലും ആ തീരുമാനമെടുക്കുകയും തുക കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ പമ്പിന്റെ കാര്യം പറഞ്ഞു. വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പണമില്ല എന്നു പറഞ്ഞിട്ടുണ്ടോ എന്നുള്ള കാര്യം തീർച്ചയായും അന്വേഷിക്കുന്നതാണ്. മഴയുടെ കണക്ക് എടുത്താൽ മൂന്നു ജില്ലകളൊഴിച്ച് ബാക്കിയുള്ള ജില്ലകൾ വരൾച്ചബാധിത ജില്ലകളായി പറയേണ്ട സ്ഥിതി വന്നിരിക്കുകയാണ്. മഴയുടെ ലഭ്യതയിൽ 50 ശതമാനത്തിൽ

കൂടുതൽ കുറവ് വന്നിട്ടില്ലാത്തത് കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ മാത്രമാണ്. പക്ഷേ മറ്റ് മാനദണ്ഡങ്ങൾ വച്ചുനോക്കുമ്പോൾ ആ ജില്ലകളും വരൾച്ചബാധിത പ്രദേശങ്ങളാണ്. ഇങ്ങനെയൊരു സാഹചര്യത്തിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഒരു യോഗം നാളെ വിളിച്ചിരിക്കുന്നത്. മീറ്റിംഗ് കൂടിയാൽ മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കൂ. കാരണം, അത് കേന്ദ്രത്തിന് റിപ്പോർട്ട് ചെയ്യണം, കേന്ദ്രത്തെ അറിയിച്ച് അതിനുള്ള സംവിധാനങ്ങളുമായി മുന്നോട്ടുപോകണം. അതനുസരിച്ച് ലോണിന്റെ കാര്യത്തിലും തിരിച്ചടവുസംബന്ധിച്ചുമൊക്കെ കർഷകർക്ക് പ്രയോജനകരമായ കുറെ തീരുമാനങ്ങളെടുക്കാൻ സാധിക്കും. നാളത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി യോഗം അതു സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ജില്ലകൾക്ക് ആവശ്യാനുസരണം തുക കൊടുക്കുന്നതിന് പ്രത്യേകമായ തീരുമാനവുമുണ്ടാകും. ചിറ്റൂർ താലൂക്കിലെ കൃഷി നാശത്തെ സംബന്ധിച്ചാണ് ശ്രീ. മുല്ലക്കര രത്നാകരൻ ആദ്യം സൂചിപ്പിച്ചത്. ആളിയാർ-പറമ്പിക്കുളം പദ്ധതിയിലെ വെള്ളം നമുക്ക് കിട്ടുന്നില്ല, അതിന് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും പറഞ്ഞത് മനസ്സിലാക്കാം. പക്ഷേ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല എന്നു പറയുന്നത് ശരിയല്ല. ഓരോ മാസവും ഇക്കാര്യം മോണിട്ടർ ചെയ്യുന്നുണ്ട്. തുടക്കത്തിൽ

മൂന്നുനാലു മാസങ്ങളിൽ കരാറനുസരിച്ചുള്ള വെള്ളം ലഭിച്ചു. അതിൽ കുറവുവന്ന സാഹചര്യത്തിൽ അപ്പോൾതന്നെ തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. പക്ഷെ  പോസിറ്റീവായ പ്രതികരണമല്ല അവരിൽ നിന്നുണ്ടായത്. തുടർന്ന് ജലവിഭവ വകുപ്പുമന്ത്രി അതുസംബന്ധിച്ച് അവിടത്തെ മന്ത്രിക്ക് കത്തെഴുതി. അതിനും പോസിറ്റീവായ പ്രതികരണ മുണ്ടാകുന്നില്ലെന്ന് കണ്ടപ്പോൾ ചെന്നൈയിലോ തിരുവനന്തപു രത്തുവച്ചോ നേരിൽ കാണുന്നതിനായി സമയം ചോദിച്ചുകൊണ്ട് കത്തെ ഴുതിയിട്ടുണ്ട്. അതിനും റെസ്പോൺസില്ലെങ്കിൽ തമിഴ്നാട് മുഖ്യമന്ത്രി യെത്തന്നെ ബന്ധപ്പെടും. കാരണം കരാറനുസരിച്ചുള്ള വെള്ളം നമുക്ക് കിട്ടേണ്ടതാണ്. നാളെ കൂടുന്ന മന്ത്രിസഭയിലേക്ക് ഇതുമായി ബന്ധപ്പെട്ട് നോട്ട് തരുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. കരാറനുസരിച്ച്  ലഭിക്കേണ്ട വെള്ളം ലഭിക്കുന്നതിനായി നിയമപരമായ, വ്യവസ്ഥാപിതമായ നടപടിക ളിലൂടെ മാത്രമേ നമുക്ക് മുന്നോട്ടുനീങ്ങാൻ സാധിക്കുകയുള്ളൂ. അതിന് ഏതെല്ലാം മാർഗ്ഗങ്ങളുണ്ട് എന്നുള്ളത് അപ്പോൾ പരിശോധിക്കുന്നതാണ്. ഏതായാലും ആളിയാർ-പറമ്പിക്കുളം പദ്ധതിയിൽ നിന്ന് വെള്ളം ലഭിക്കേ ണ്ടതിന്റെ ആവശ്യകതയും അതിന്റെ രൂക്ഷതയും ഗവൺമെന്റിന് പൂർണ്ണബോധ്യമുള്ളതാണ്. എല്ലാ അർത്ഥത്തിലും നമുക്ക്  അവകാശപ്പെ ട്ടത് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടു പോകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നദികളിലെ വെള്ളത്തിന്റെ നിരപ്പ് കുറഞ്ഞതിനെക്കുറിച്ച് പറഞ്ഞു. അക്കാര്യത്തിലും

ഒരു അഭിപ്രായ വ്യത്യാസവുമില്ല. നാടിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ആശങ്കയുളവാക്കുന്ന സംഗതിയാണിത്. അക്കാര്യം ഇന്നലെ ശ്രീ. റ്റി.എൻ. പ്രതാപൻ ഇവിടെ ശ്രദ്ധക്ഷണിക്കൽ പ്രമേയമായി അവതരിപ്പിച്ചു. അത് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. നമ്മുടെ നദികളിൽ വെള്ളത്തിന്റെ അളവ് താഴുന്നു എന്നുള്ളതും മലിനപ്പെടുന്നു എന്നുള്ളതും തുല്യപ്രാധാന്യത്തോടുകൂടികണ്ട് പ്രവർത്തിക്കേണ്ട സംഗതിയാണ്. വരൾച്ചയുമായി ബന്ധപ്പെട്ട് മാത്രമല്ല അതിന്റെ പ്രാധാന്യം നിൽക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എല്ലാ ഗൗരവമുൾക്കൊണ്ടുകൊണ്ടുതന്നെ പ്രവർത്തിക്കും. അതിന് പ്രതിപക്ഷത്തിന്റെയും എല്ലാവിധത്തിലുമുള്ള സഹകരണവുമുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: നോ.. നോ... പ്ലീസ്, ഈ പ്രാക്ടീസ് ശരിയല്ല. സി.എം. സമ്മതിച്ചതുകൊണ്ടാണ്, ഒരാൾ സംസാരിച്ചാൽ മതി. ചോദ്യോത്തര സമയം കഴിഞ്ഞു. ഇത് അടിയന്തരപ്രമേയ ചർച്ചയും മുഖ്യമന്ത്രി അതിനുള്ള മറുപടി പറയുന്നതുമാണ്. പ്ലീസ്...

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, പറമ്പിക്കുളം-ആളിയാർ വെള്ളം അർഹതപ്പെട്ടതുലഭിച്ചാൽ ചിറ്റൂർ മേഖലയിലെ കൃഷി മാത്രമേ സംരക്ഷിക്കപ്പെടുകയുള്ളൂ. പാലക്കാട് ജില്ലയിലെ എട്ടോളം ഡാമുകളിൽ കഴിഞ്ഞ വർഷത്തേതിന്റെ പകുതി വെള്ളമില്ല. ഇപ്പോൾ കതിരാകുന്ന നെല്ല് ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം നെൽക്കൃഷി തകരുമെന്നുമാത്രമല്ല,

രൂക്ഷമായ കുടിവെള്ള പ്രശ്നവും ആ ജില്ലയിൽ ഉണ്ടാക്കും. അതു കൊണ്ട് പാലക്കാട് ജില്ലയെകൂടി വരൾച്ചബാധിത ജില്ലയായി പ്രഖ്യാപി ക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നാളെ യോഗം ചേരുകയാണ്. അതോറിറ്റിയാണ് ഇത് പ്രഖ്യാപിക്കേണ്ടത്. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ കർഷക പെൻഷൻ സംബന്ധിച്ച് പറഞ്ഞു. കർഷക പെൻഷൻ 300 രൂപയായിരു ന്നത് ഈ ഗവൺമെന്റ് 400 രൂപയാക്കി. മാർച്ച്-ഏപ്രിൽ മാസങ്ങൾ വരെ യുള്ള തുക കൊടുക്കുന്നതിനായി 16 കോടി രൂപ അലോട്ട് ചെയ്തു കഴിഞ്ഞു. കർഷകർക്ക് ഈ മാസം തന്നെ അത് ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കും. അതുപോലെ നാളികേര സംഭരണവുമായി ബന്ധപ്പെട്ട് ഒരു ആവശ്യമുണ്ടായിരുന്നത് പച്ചത്തേങ്ങ സംഭരിക്കാൻ അനു വദിക്കണമെന്നുള്ളതായിരുന്നു. പച്ചത്തേങ്ങ സംഭരിക്കാനുള്ള അനുവാദം ലഭിച്ചു. പക്ഷേ ഇത് കൊപ്രയാക്കുന്നതിനുള്ള സംവിധാനം ഇവിടെത്തെ സൊസൈറ്റികൾക്കില്ലാത്ത സാഹചര്യത്തിൽ ഉദ്ദേശിച്ച രീതിയിൽ അത് വിജയകരമാക്കാൻ സാധിച്ചില്ല. ഇപ്പോൾ പച്ചത്തേങ്ങ സംഭരിച്ച് ഉണക്കി കൊപ്രയാക്കുന്നതിനുവേണ്ടി ഇൻസെന്റീവ് എന്ന നിലയിൽ സൊസൈറ്റി കൾക്ക് ക്വിന്റലിന് 500 രൂപ വച്ച് കൊടുക്കുന്നതിനായി ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.. ആ തീരുമാനം വന്നതിനുശേഷം അനുകൂല മായി പ്രതികരണമുണ്ടായിട്ടുണ്ട്. ഇതിനോടകംതന്നെ 20000 ടൺ കൊപ്ര

സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് ഒരു ഇൻഷുറൻസ് സ്കീം കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചു. അത് പൈലറ്റ് സ്കീമായി പ്രായോഗികതലത്തിൽ കൊണ്ടുവന്നിട്ടുണ്ട്. നെൽക്കൃഷിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലാണ് ഈ പദ്ധതി പൈലറ്റായി നടപ്പാക്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും സംസ്ഥാനഗവൺമെന്റും ചേർന്ന് കർഷകർക്കുവേണ്ടി ഏക്കറിന് 340 രൂപ വച്ച് പ്രീമിയം അടയ്ക്കും. കർഷകൻ 160 രൂപ അടയ്ക്കണം. ടോട്ടൽ പ്രീമിയം ഒരു ഏക്കറിന് 500 രൂപയാണ്. അതുപോലെ കശുമാവ് കൃഷിക്കുള്ള സ്കീം പാലക്കാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ അഞ്ചു ജില്ലകളിൽ കൊണ്ടുവന്നിട്ടുണ്ട്. 2400 രൂപയാണ് അതിൽ പ്രീമിയം അടയ്ക്കേണ്ടത്. 1200 രൂപ കർഷകനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 1200 രൂപയും അടയ്ക്കുന്ന ഈ സ്കീം പൈലറ്റായി അഞ്ചു ജില്ലകളിൽ കൊണ്ടുവന്നിട്ടുണ്ട്. കുരുമുളക് കൃഷിക്കുവേണ്ടി വയനാട്, ഇടുക്കി ജില്ലകളിൽ പൈലറ്റ് സ്കീം നടപ്പാക്കുന്നു. കർഷകൻ 600 രൂപയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 600 രൂപയും പ്രീമിയം അടയ്ക്കണം. പൈലറ്റ് സ്കീം വിജയകരമായി നടപ്പാക്കിയതിനുശേഷം കേരളത്തിലൊട്ടാകെ വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നെല്ല്, കശുമാവ്, കുരുമുളക് എന്നീ മൂന്നു വിളകൾക്കുമാത്രമാണ് ഇപ്പോൾ ഈ സ്കീമുള്ളത്. മറ്റ് പതിനേഴ്

വിളകൾക്കുകൂടി ഇൻഷുറൻസ് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ് എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പി.എ.പി. കരാറിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മഴ പെയ്താലും പെയ്തില്ലെങ്കിലും കേരളത്തിന് അർഹതപ്പെട്ട 7¼ ടി.എം.സി. വെള്ളം ലഭിക്കണമെന്നാണ്. ഇപ്പോൾ പറമ്പിക്കുളം ഡാമിൽ നിന്നും ഒരു സെക്കന്റിൽ 1100 ഘനഅടി വെള്ളം വീതമാണ് കൊണ്ടുപോകുന്നത്. അത് സർക്കാർപതിയിൽനിന്നും ആളിയാറിലേക്ക് ഇറക്കുന്നതിനുപകരം നേരേ കോണ്ടൂർ കനാൽവഴി തിരുമൂർത്തി ഡാമിലേക്ക് ഇറക്കിയതിനുശേഷം അവിടെ ജലസേചനം നടത്തുകയാണ്. കേരളത്തിന് വെള്ളം തരുന്നില്ല. അങ്ങ് പറഞ്ഞതുപ്രകാരം ഇനി നമ്മൾ ചർച്ച ചെയ്യാൻ പോകുമ്പോഴേക്കും പറമ്പിക്കുളത്തെ വെള്ളം മുഴുവൻ തീരും. കേരളത്തിന് വെള്ളം കിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് പറഞ്ഞതുപോലെ ഏതു സാഹചര്യത്തിലും എഗ്രിമെന്റിലുള്ള അത്രയും വെള്ളം തരാൻ തമിഴ്നാട് ബാദ്ധ്യസ്ഥരാണ്. ഇന്ന് ആ വ്യവസ്ഥയെ അവർ ലംഘിച്ചിരിക്കുകയാണ്. ആ വിവരം അവരുടെ ശ്രദ്ധയിൽപ്പെടുത്തി, പക്ഷേ അവരുടെ പ്രതികരണം തൃപ്തികരമല്ല. അതുകൊണ്ടുതന്നെ എന്തുമാർഗ്ഗമാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് നാളത്തെ മന്ത്രിസഭായോഗത്തിൽ ചർച്ച

ചെയ്യും. നിയമപരമായ, വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽകൂടി അതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : എല്ലാം പ്രധാനപ്പെട്ട കാര്യങ്ങളാണ്. അതിന് ശ്രീ. രാജു എബ്രഹാം എത്രാമത്തെ പ്രാവശ്യമാണ് ഈ നിയമസഭയിലുള്ളത്. അടിയന്തിര പ്രമേയ ചർച്ച സാധാരണ ഇങ്ങനെയാണോ നടക്കുന്നത്. ഒറ്റ സെക്കന്റാണ് പിന്നീട് മിനിട്ട് ആകുന്നത്. പ്ലീസ്...പ്ലീസ്...ഒറ്റ സെക്കന്റാണ് മിനിട്ടുകളാകുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി പറഞ്ഞതാണ്. ഞാൻ പത്തനംതിട്ട ജില്ലാ കളക്ടറുമായി ഇന്നലെ ബന്ധപ്പെട്ടപ്പോൾ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായിട്ടോ അല്ലാതയോ ഒരു നയ്യാപൈസപോലും അദ്ദേഹത്തിന് ലഭിച്ചില്ല എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി. : നാലു ജില്ലകളിലെ പേര് പറഞ്ഞതിൽ പത്തനംതിട്ടയില്ല. വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിരിക്കുന്നത് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നിവയാണ്. ബാക്കിയുള്ള ജില്ലകളെ സംബന്ധിച്ചിടത്തോളം ഇപ്പോഴാണ് റിപ്പോർട്ട് വന്നത്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. ആ ഗൗരവം ഉൾകൊണ്ടു തന്നെ സർക്കാർ തുടർ നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. ബി. ഡി. ദേവസ്സി : സർ, പറമ്പികുളം - ആളിയാർ കരാറനുസരിച്ച് ഷോളയാർ ഡാം സെപ്റ്റംബർ 30-നും ഫെബ്രുവരി 28-നും ഇടയ്ക്ക് നിറക്കേണ്ടതാണ്. എല്ലാ വർഷവും ഷോളയാർ ഡാം സെപ്റ്റംബർ 30-ന് നിറയ്ക്കാറുണ്ട്. ഈ തവണ നിറച്ചിട്ടില്ല. ഇതിന്റെ ഭാഗമായി വൈദ്യുതി ഉൽപാദനം കുറയുകയും ന്യൂ ഡൈവേർഷൻ സ്കീമിനെ ബാധിക്കുകയും അവിടെ വെള്ളം കിട്ടാത്ത അവസ്ഥയാണുള്ളത്. കുടിവെള്ളം ലഭിക്കുന്നതിനുവേണ്ടി അടിയന്തരമായി നടപടിയെടുക്കണം. എല്ലാ വർഷവും വരൾച്ച വരുന്നതാണ്..

മി. സ്പീക്കർ: എല്ലാം പ്രധാനപ്പെട്ടതാണ് ശ്രീ. ബാലൻ. എല്ലാ എം. എൽ.എ. മാരേയും ബാധിക്കുന്നതാണ് വരൾച്ച. ഇവിടെ മാത്രമല്ല.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി....

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. എഗ്രിമെന്റനുസരിച്ച് തമിഴ്നാട് പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചിട്ടില്ല. അത് നമ്മൾ യഥാസമയംതന്നെ ചൂണ്ടി കാണിച്ചിട്ടുണ്ട്. പക്ഷേ, അതിന് പോസിറ്റീവായിട്ടുള്ള ഒരു പ്രതികരണം ഇതുവരെ ഉണ്ടാകാത്ത സാഹചര്യത്തിലാണ് നമുക്ക് ഇനിയുള്ള ഓപ്ഷൻസ് എന്തൊക്കെയാണ്, നിയമപരമായി വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ എന്തൊക്കെയാണ് ഓപ്ഷൻസ് എന്നുള്ളത് നോക്കി അതിനനുസരിച്ച് എങ്ങനെ പ്രവർത്തിക്കണമെന്നുള്ളത് സംബന്ധിച്ച് നാളെ ചർച്ച ചെയ്യും. ഇത് ഗൗരവമുള്ള

കാര്യമാണ്. ആ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുതന്നെ പ്രവർത്തിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് തരികയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, .......

മി. സ്പീക്കർ: നിങ്ങൾ ഓരോ എം.എൽ.എ.-മാർ എണീറ്റപ്പോൾ അവർക്ക് താങ്ങും തണലും കൊടുത്തു. പ്ലീസ്...നോ..നോ.. അങ്ങനെയൊന്നും വേണ്ട. പ്രതിപക്ഷത്തിന് മാത്രമല്ല വരൾച്ചയുടെ പ്രശ്നം. ജനപ്രതിനിധികളെല്ലാം തുല്യമാണ് ശ്രീ. സി. ദിവാകരൻ. പ്ലീസ്...പ്ലീസ്...ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴങ്ങാൻ സമ്മതിച്ചപ്പോൾ ......

ശ്രീ. ടി. എൻ. പ്രതാപൻ : സർ, അതിരൂക്ഷമായ വരൾച്ചയുണ്ടാകുന്ന സന്ദർഭത്തിൽ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ മോട്ടോറുകൾ കേടുവരുമ്പോഴും പൈപ്പുകൾ പൊട്ടിപോകുമ്പോഴും അവയ്ക്കാവശ്യമായ പണമില്ലെന്നുപറഞ്ഞ് വാട്ടർ അതോറിറ്റി സമയബന്ധിതമായി അത് നന്നാക്കുന്നില്ല. അതുകൊണ്ട് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിൽ നിലവിലുള്ള കുടിവെള്ള സ്കീമുകളുടെ മോട്ടോറുകളും പമ്പുകളും നന്നാക്കുന്നതു കൂടി ആ നോംസിൽ ഉൾപ്പെടുത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, തിരുവനന്തപുരം ജില്ല വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച ജില്ലയാണ്. കളക്ടർ ഇടപെട്ടുതന്നെയാണ് ഈ പ്രദേശങ്ങളിലെല്ലാം കുടിവെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കുടിവെള്ളം കൊടുത്ത സ്ഥലങ്ങളിൽ പണം കൊടുക്കുന്നത് താലൂക്ക് ഓഫീ

സിലേക്കാണ്. ധാരാളം കുടിശ്ശിക ബാക്കിയുണ്ട്. ആ പണം അടിയന്തിരമായി കൊടുത്ത് തീർക്കാനുള്ള നടപടി കൂടി സ്വീകരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ ആദ്യം ശ്രീ. പാലോട് രവി പറഞ്ഞതിന് മറുപടി പറയാം. ജില്ലാ കളക്ടറർക്ക് രൂപ കൊടുത്തിട്ടുണ്ട്. അഞ്ചു കോടി രൂപ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഉള്ളത് അടിയന്തരമായി കൊടുക്കാൻ നിർദ്ദേശം നൽകാം. ഗവൺമെന്റിൽ നിന്ന് കളക്ടർക്ക് കിട്ടേണ്ട കാര്യംപോലുമില്ല. കളക്ടറുടെ കൈയ്യിലുണ്ട്. ഇന്നുതന്നെ അതിനാവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ കാര്യം കുടിവെള്ളത്തിന്റെ പ്രശ്നം വരൾച്ച വരുന്ന സമയത്ത് നമ്മൾ സ്വീകരിക്കേണ്ടത് ലോംഗ് ടേമായിട്ടുള്ള പദ്ധതികളുമായി പോയാൽ വരൾച്ചയ്ക്ക് പ്രയോജനം കിട്ടുകയില്ല. വരൾച്ചയ്ക്ക് പ്രയോജനം കിട്ടത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ഒന്ന് റിപ്പയർ നടത്തിയാൽ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ പറ്റുന്ന പ്രോജക്ടുകൾ പ്രവർത്തനക്ഷമമാക്കുക. രണ്ട്, ഈ സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ സാധിക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് കൊടുക്കുക. ഇത് രണ്ടും പ്രത്യേകമായി ശ്രദ്ധിക്കും എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .....(ബഹളം) ....

മി. സ്പീക്കർ: ശ്രീ. സുനിൽ കുമാർ നോ...നോ.. പ്ലീസ്...പ്ലീസ്.....നിയമസഭാ നടപടിയുടെ പുതിയ ചട്ടം ശ്രീ. സുനിൽ കുമാർ എഴുതി

ചേർക്കണ്ട. നോ..നേ....ഇവിടെ ചെയറിലിരുന്നുകൊണ്ട് അംഗങ്ങൾക്കുള്ള അവകാശം സംരക്ഷിക്കുന്നതിന് പലതും അല്പം ഭേദഗതിയോടുകൂടി വരുന്നത് അത് ദൗർലബ്യമായി എടുക്കരുത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):.....(ബഹളം).... കേരളത്തിന്റെ വരൾച്ചയുടെ.....

മി. സ്പീക്കർ :........ഇവിടെ പ്രതിപക്ഷ നേതാവ് ...അടിയന്തിര പ്രമേയം അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷത്തിന്റെ അവകാശമാണ്. അതുകൊണ്ടാണ് വാക്കൗട്ടിന് മുമ്പ് കക്ഷി നേതാക്കന്മാർ സഭയിൽ സംസാരിക്കുന്നത്. ഇതൊക്കെ അറിയില്ലേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരളത്തിലെ വരൾച്ചയുടെ പ്രശ്നത്തെ സംബന്ധിച്ച് വേണ്ടത്ര ഗൗരവത്തോടുകൂടി മുഖ്യമന്ത്രിക്ക് കാണാനും നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടില്ലെന്നാണ് ഇടതുപക്ഷത്തുള്ള ആളുകളുടെ മാത്രമല്ല അപ്പുറത്തുള്ള ആളുകളിൽ തന്നെ നല്ലൊരു വിഭാഗം ആളുകൾ ഇതിന്റെ സീരിയസ്നസ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ എഴുന്നേൽക്കേണ്ടിവന്നു എന്നുള്ളതുതന്നെ അത് കാണിക്കുന്നതാണ്. എല്ലാപേർക്കും കൂടി ചർച്ച നടത്താമെങ്കിൽ അടിയന്തിര പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നുള്ള നിലപാട് എന്തുകൊണ്ട്

മുഖ്യമന്ത്രിയും ഗവൺമെന്റും എടുത്തില്ല. നാല് ജില്ലകളാണ് ഏറ്റവും കൂടുതൽവരൾച്ചയുടെ രൂക്ഷതയുള്ള ജില്ലകളെന്ന് പറഞ്ഞിട്ടുള്ളതിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാടാണ്. സാധാരണ പറമ്പി കുളം വെള്ളത്തിന്റെ കാര്യത്തിൽ എപ്പോഴും തമിഴ്നാട് ഗവൺമെന്റ് കാട്ടിക്കൊണ്ടിരിക്കുന്ന കൊള്ളരുതായ്മയുടെ ഫലമായി 45,000– ത്തോളം ഏക്കർ സ്ഥലത്താണ് കൃഷി ഉണങ്ങി പോകാനിടയാകുന്നത്. ഓരോ സന്ദർഭത്തിലും ഗവൺമെന്റിന്റെമേലുണ്ടാകുന്ന സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ഇടപെടുകയും ചെയ്യുന്നതിന്റെ ഫലമായി കുറച്ചു വെള്ളം അവിടെനിന്ന് കിട്ടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രസ്തുത 45,000 ഏക്കർ സ്ഥലം വരൾച്ച കൊണ്ട് ഉണങ്ങിപോകാതെ നെൽക്കൃഷിയെ രക്ഷിക്കാൻ കഴിയുന്നത്. അവിടെ നിന്ന് കൃഷി ചെയ്തി ട്ടുള്ള നെല്ലിൽ ഏറിയ കൂറും സർക്കാരിന്റെ സംഭരണിയിലേയ്ക്ക് തരുന്ന വരുമാണ്. ഇപ്പോഴും 48 രൂപ അരിക്ക് വില ഉള്ളപ്പോൾ 17 രൂപ സർക്കാർ കൊടുക്കുന്ന വിലയും വാങ്ങികൊണ്ട് നമ്മെ സഹായി ക്കാൻവേണ്ടി നില്ക്കുന്നവരാണ്. ഇതുവരെ അവരുടെ പ്രശ്നം ഗവൺമെന്റിന് സീരിയസായി കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ള തുകൊണ്ടുതന്നെയാണ് ഇപ്പോൾ ഒരു കത്തെഴുതാൻ വേണ്ടി ആലോചി ക്കുന്നു എന്ന് പറഞ്ഞത്. മെല്ലെ മെല്ലെ കത്തെഴുതാനാണ് പോകുന്നത്. നമുക്ക് തരേണ്ട വെള്ളം മര്യാദയ്ക്ക് തരാതിരിക്കാൻ ശ്രമം നടത്തുന്ന ഒരു ഗവൺമെന്റിനോട് ഇടപെട്ട് നമുക്ക് ലഭിക്കാനുള്ള വെള്ളം ന്യായ

മായും തക്ക സമയത്തുതന്നെ തരുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഇതുവരെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ആ കാരണത്താൽ തന്നെ സംസ്ഥാനമാകെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നതെന്നാണ് അപ്പുറത്തും ഇപ്പുറത്തുമുള്ള ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായ പ്രകടനങ്ങളിൽ നിന്ന് മനസ്സിലാകുന്നതും ബഹുമാനപ്പെട്ട സ്പീക്കർക്ക് നിയന്ത്രിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. കാരണം എല്ലാവരും എഴുന്നേൽക്കുകയാണ്. ഓരോരുത്തരായി എഴുന്നേൽക്കുകയാണ്. അദ്ദേഹത്തിന് അവർ പറയാൻ ഉദ്ദേശിക്കുന്ന കാര്യത്തിനോട് അനുഭാവം ഇല്ലാഞ്ഞിട്ടല്ല. ഫലത്തിൽ ഈ സദസ്സ്, ഈ സഭ, നമ്മുടെ സംസ്ഥാനത്തിന്റെ വരൾച്ചയുടെ രൂക്ഷത തന്നെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രകടിപ്പിച്ചിരിക്കുകയാണ്. അതിന്റെ സീരിയസ്നെസ് മനസ്സിലാക്കി ആക്ട് ചെയ്യാൻ ഈ ഗവൺമെന്റിന് കഴിയാതിരിക്കുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള അവഗണനയെ ശക്തിയായി പ്രതിഷേധിക്കുവാൻവേണ്ടി ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്. എന്റെ പാർട്ടി അതിന് ശക്തമായി ആ പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. .

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ കൃഷിക്കാരേയും പൊതുജനങ്ങളേയും അതീവ ഗുരുതരമായി ബാധിച്ചിട്ടുള്ള ഈ വിഷയം സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള അനുവാദം നിഷേധിച്ചിരിക്കുകയാണ്. ഇതല്ലെങ്കിൽ ഏത് വിഷയമാണ് ചർച്ച ചെയ്യുന്നത്? കേരളത്തിന്റെ ഭൂമി മുഴുവൻ വിണ്ടുകീറുകയാണ്. വ്യാപകമായ കൃഷിനാശമാണുണ്ടാകുന്നത്. കുടിവെള്ളമില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. കാലാവസ്ഥയുടെ വ്യതിയാനം നിയന്ത്രണാതീതമാണെന്ന് എല്ലാവർക്കുമറിയാം. സാമൂഹ്യ പ്രതിബദ്ധതയുള്ള ഭരണാധികാരികൾ ചെയ്യേണ്ട കാര്യം ചെയ്യുന്നില്ല. അതിന് കാരണങ്ങൾ കണ്ടെത്തുകയാണ് ചെയ്തത്. കുടിവെള്ളത്തിന് കുടിവെള്ളംതന്നെ വേണം. നമ്മുടെ കുടിവെള്ളം തമിഴ്നാട് കൊള്ളയടിച്ചുകൊണ്ടു പോകുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നുകിട്ടേണ്ട വെള്ളം കിട്ടുന്നില്ല എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി നിയമസഭയിൽ പറയുന്നു. ഇതിനെതിരെ എന്തു നടപടിയെടുത്തു? ചർച്ച ചെയ്തുകൊണ്ടിരുന്നാൽ വെള്ളം കിട്ടുമോ? ആളിയാറിൽ നിന്നും വെള്ളം ലഭിക്കാൻ വേണ്ടി ഇവിടെ പ്രത്യേക സമിതി കൂടിയാൽ വെള്ളം ലഭിക്കുമോ? എന്തുകൊണ്ട് ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നില്ല? ജനങ്ങളുടെ പ്രാഥമികാവശ്യമായ കുടിവെള്ളം കൊടുക്കാൻ കഴിയാതെ, കുടിവെള്ളം മറ്റുള്ളവർ കൊള്ളയടിക്കുന്നത് നോക്കിയിരിക്കുന്ന നിങ്ങൾ ഭരണാധികാരികളാണോ?. നിങ്ങൾ ആത്മാർത്ഥമായി എന്തെങ്കിലും ചെയ്തോ? കത്തെഴുതാൻ സർക്കാർ ഓഫീസും പോസ്റ്റൽ

സർവ്വീസും ഫോൺ ചെയ്യാൻ ടെലഫോണും ഉണ്ട്. അതിനപ്പുറത്ത് കേരളത്തിന്റെ ഈ വികാരം പ്രകടിപ്പിക്കാൻ, വേണ്ടി വന്നാൽ കേന്ദ്രത്തെ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടീക്കാൻ സംസ്ഥാന ഗവൺമെന്റിന് എന്തുകൊണ്ട് കഴിയുന്നില്ല. നിങ്ങൾ അടിക്കടി ഡൽഹിയിൽപോയി പല കാര്യങ്ങളും ചർച്ച ചെയ്യുന്നുണ്ടല്ലോ. കേരളത്തിൽ കുടിവെള്ളമില്ല, വരൾച്ചയാണ്, ലഭിക്കേണ്ട വെള്ളം കിട്ടുന്നില്ല എന്നീ കാര്യങ്ങൾ ചർച്ച ചെയ്തോ? കൊല്ലം കളക്ട്രേറ്റിലെ ഡി.ഡി.സി യോഗത്തിൽ കൃത്യമായി പോകുന്ന ഒരാളാണ് ഞാൻ. കുടിവെള്ളം ലഭ്യമാക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ടാങ്കറുകളുപയോഗിച്ച് എമർജൻസിയായി കുടിവെള്ളം എത്തിക്കേണ്ടതായിരുന്നു. റവന്യൂ വകുപ്പിന് അതിനുള്ള സംവിധാനമുണ്ട്. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കളക്ട്രേറ്റുകളിലൊന്നും ഒരു കാര്യവും ചെയ്യുന്നില്ല. ജില്ലാ ഭരണ കേന്ദ്രമായ കളക്ട്രേറ്റുകളെ ഈ വിഷയത്തിൽ അലെർട്ട് ചെയ്യണം. അവർ യാതൊന്നും ചെയ്യുന്നില്ല. അവർക്ക് വേറെ ആഘോഷങ്ങളാണ്. കേരളത്തിൽ ഇത്രയും ഗുരുതരമായ അവസ്ഥ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. വളരെ നോർമലായിട്ടാണ് ഈ അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞത്. കേരളത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണെന്ന് ജനപ്രതിനിധികളായ നമുക്കറിയില്ലേ? നമ്മുടെ മണ്ഡലത്തിൽ കുടിവെള്ളമില്ലെന്ന് ജനങ്ങൾ പറയുമ്പോൾ കൈമലർത്തിക്കാണിച്ചാൽ മതിയോ? എൽ.ഡി.എഫ്-നു മാത്രമാണോ കുടിവെള്ളം വേണ്ടത്? ഞങ്ങൾ കൊണ്ടുവന്ന ഇത്തര

മൊരു അടിയന്തര പ്രമേയത്തിന് പിന്തുണ നൽകണ്ടേ? നിങ്ങൾക്കെതിരെ കുറ്റപത്രമൊന്നും പറയുന്നില്ല. ജനങ്ങളുടെ കാര്യമാണ് പറയുന്നത്. നാട്ടിൽ വെള്ളമില്ല എന്ന കാര്യം നിയമസഭയിൽ വരുന്നവർ പറയണ്ടേ? നിങ്ങൾ ഇതിനെ രാഷ്ട്രീയമായി നേരിടുന്നതെന്തിനാണ്? നിങ്ങൾ കണ്ണിൽച്ചോരയില്ലാത്തവരാണോ? ഇവിടെ ഒരു അടിയന്തര പ്രമേയം അവതരിപ്പിച്ചാലും ചർച്ച ചെയ്യാൻ സമ്മതിക്കില്ല. അങ്ങനെയുള്ള നിലപാടാണോ സ്വീകരിക്കേണ്ടത്? നിങ്ങൾക്ക് രാഷ്ട്രീയമല്ലാതെ യാതൊന്നുമില്ല. ജനങ്ങളുടെ പ്രശ്നമുണ്ടെങ്കിൽ ഇതിൽ ഇടപെടണമായിരുന്നു. മുഖ്യമന്ത്രി ചർച്ച അനുവദിക്കേണ്ടതായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് ചർച്ച അനുവദിച്ചു. എന്നാൽ അതിനുള്ള മറുപടി കേൾക്കാതെ ഇറങ്ങിപ്പോയതിന്റെ ജാള്യത മറയ്ക്കാൻ ഇങ്ങനെ പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി പറയുകയാണ്, അങ്ങ് ഉപയോഗിച്ച വാക്കുകൾ ഞാൻ തിരിച്ചുപയോഗിക്കുന്നില്ല. ഞങ്ങൾക്ക് ഒന്നിനോടും ഒരു ജാള്യതയും ഇല്ല. ഞങ്ങൾ ഒരു തെറ്റും ചെയ്തിട്ടില്ല. അടിയന്തര പ്രമേയത്തിന്മേൽ ചർച്ച അനുവദിച്ചു എന്ന് അങ്ങ് പറഞ്ഞല്ലോ. എന്തെങ്കിലും നടപടി സ്വീകരിച്ചോ? കേരളത്തിൽ അതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില കൂടിയിട്ടേ ഉള്ളൂ. നിങ്ങൾ വീണ്ടും വീണ്ടും വർദ്ധിപ്പിക്കു

ന്നു. ചർച്ച ചെയ്താൽ മാത്രം പോരാ അതിന്മേൽ ആക്ഷൻ എടുക്കുകയുംവേണം. ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ പ്രതിപക്ഷത്തിനു നേരെ ഉപയോഗിക്കാൻ പാടില്ലാത്ത വാക്കുകൾ പറഞ്ഞ് മുഖ്യമന്ത്രി ഞങ്ങളെ ആക്ഷേപിക്കുന്നത് വളരെ മോശമാണ്. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവൽപ്രശ്നമായ കുടിവെള്ളത്തിന്റെയും വരൾച്ചയുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സൗമനസ്യം കാണിക്കാത്ത ഗവൺമെന്റിന്റെ ക്രൂരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, ഭരണകക്ഷി അംഗങ്ങളും പ്രതിപക്ഷാംഗങ്ങളും അപൂർവ്വമായി പൊതുവികാരം പ്രകടിപ്പിച്ച ഒരു വിഷയമാണ് ഇപ്പോൾ നാട്ടിലുണ്ടായിരിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം. ഇത് നാട്ടിലെ ജനങ്ങളുടെ വിഷയമാണ്. അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന തരത്തിൽ മണൽ-മണ്ണ് മാഫിയകൾ സംസ്ഥാനത്ത് അഴിഞ്ഞാടിക്കൊണ്ടിരിക്കുന്നത് കാലാവസ്ഥാ വ്യതിയാനങ്ങൾക്കുള്ള ഒരു കാരണമായി ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനോട് ഭരണപക്ഷത്തിന്

യോജിക്കാൻ കഴിയില്ലായിരിക്കാം. പക്ഷേ പ്രശ്നത്തിന്റെ ഗൗരവത്തിൽ നമ്മൾ യോജിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രശ്ന പരിഹാര കാര്യത്തിൽ നമുക്ക് യോജിപ്പുണ്ടാകണം. കർഷകർ വലിയ ആശങ്കയിലാണ്. പ്രത്യേകിച്ച് നെൽക്കൃഷിക്കാർ ഞാറ് നട്ടുകഴിഞ്ഞാൽ കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതാണോ ഇവിടെവച്ച് നിറുത്തുന്നതാണോ ഉചിതം എന്ന തരത്തിൽ ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. പി.ഐ.പി കനാലിൽകൂടി വെള്ളം ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. നെൽ കർഷകർക്ക് വരൾച്ചാഘട്ടത്തിൽ ലഭിക്കേണ്ട വെള്ളം പി.ഐ.പി കനാലിൽകൂടി ലഭിക്കുന്നില്ല. ജലസേചനം നിന്നുപോയിരിക്കുകയാണ്. ഇവിടെയുള്ള പ്രശ്നം ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസമാകുമ്പോഴേക്കും സംസ്ഥാനം കൊടുംവരൾച്ചയാണ് നേരിടാൻ പോകുന്നത്. നാല് ജില്ലകളെ വരൾച്ചാ ബാധിത ജില്ലകളായി പ്രഖ്യാപിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമാകുന്നില്ല. മറ്റ് പ്രദേശങ്ങളിൽ പ്രത്യേകിച്ച് കർഷകരുടെയിടയിൽ കുടിവെള്ളം ലഭിക്കാത്ത സാധാരണക്കാരായ ജനങ്ങളുടെയിടയിൽ ജലക്ഷാമ പ്രശ്നം വലിയ ആശങ്ക ഉളവാക്കിയിട്ടുണ്ട്. ഭൂഗർഭ ജലത്തിന്റെ ലഭ്യതപോലും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്രയും ഗുരുതരമായ ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച് പരിഹാര മാർഗ്ഗങ്ങളിലേയ്ക്ക് നീങ്ങേണ്ട വളരെ അടിയന്തര പ്രാധാന്യമുള്ള വിഷയമായി സർക്കാർ ഈ വിഷയം കാണാത്തതിൽ ഞങ്ങൾക്ക് അങ്ങേയ

റ്റത്തെ പ്രതിഷേധമുണ്ട്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, വരൾച്ച കൃഷിയെ മാത്രമല്ല ബാധിച്ചിട്ടുള്ളത്. കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം കുടിവെള്ളമാണ് ഏറ്റവും വലിയ പ്രശ്നം. കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡന്റുമാരും പഞ്ചായത്ത് സമിതി അംഗങ്ങളുമെല്ലാം വളരെ ബുദ്ധിമുട്ടുകയാണ്. അവർ നിരവധിപരാതികളുമായി ജില്ലാ കളക്ടറെത്തന്നെ സമീപിച്ചു. കഴിഞ്ഞ ഡി.ഡി.സി കൂടിയ അവസരത്തിൽ നിരവധി അപേക്ഷകളുമായാണ് അവർ അവിടെ എത്തിയത്. എന്നുമാത്രമല്ല കുടിവെള്ള വരൾച്ചാ കാലഘട്ടത്തിൽ കൊല്ലം ജില്ലയെപ്പോലുള്ള തിരുവിതാംകൂർ മേഖലയിലെ ഗ്രാമ പ്രദേശങ്ങളിൽ പമ്പുഹൗസുകൾ, ട്യൂബ് വെല്ലുകൾ, ഓപ്പൺ വെല്ലുകൾ എന്നിവയെ ആശ്രയിച്ചാണ് കുടിവെള്ളം എത്തിക്കുന്നത്. വരൾച്ചാ കാലഘട്ടങ്ങളിലാണ് വെള്ളത്തിന്റെ സ്കേഴ്സിറ്റി കുറയുന്നതുമൂലം ട്യൂബ്വെല്ലുകൾ തകരാറിലാകുന്നത്. ഇവ ഡിഫക്ടായാൽ അടിയന്തരമായി നന്നാക്കേണ്ട കാലഘട്ടം വരൾച്ചാ കാലമാണ്. മഴക്കാലത്ത് ഒരു ട്യൂബുവെല്ലിനോ ബോർവെല്ലിനോ തകരാർ സംഭവിക്കുകയില്ല. ട്യൂബ്വെല്ലിനും ബോർവെല്ലിനും തകരാർ സംഭവിക്കു

ന്നത് വരൾച്ചാകാലഘട്ടത്തിലാണ്. വെള്ളത്തിന്റെ സ്കേർസിറ്റി കുറയുകയും താഴ്ന്ന് പോകുകയും ചെയ്യുമ്പോൾ അതിൽ മണ്ണ് കയറുകയും മോട്ടോറുകൾ കത്തിപ്പോകുകയും ചെയ്യും. അതുകൊണ്ട് എല്ലാ കാലത്തും കൊല്ലം പോലുള്ള ജില്ലയിൽ വരൾച്ചാകാലഘട്ടത്തിൽ പ്രധാനമായും ട്യൂബ് വെല്ലിന്റെയും ബോർ വെല്ലിന്റെയും ഡിഫക്ടാകുന്ന ഭാഗങ്ങൾ അടിയന്തരമായി റിപ്പയറുകൾ ചെയ്യുന്നതിന് പ്രത്യേകമായ ഫണ്ട് വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയാണ് ചെയ്യാറുള്ളത്. കഴിഞ്ഞ ഡി.ഡി.സി.യിൽ ചോദിക്കുമ്പോൾ അതിനൊന്നും കാശ് ഇല്ലെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ, വാട്ടർ അതോറിറ്റിയിൽ കാശ് ഇല്ലെന്നുള്ള കാര്യം ശരിയാണ്. അവിടെ പമ്പ് ഓപ്പറേറ്റർമാർക്ക് 6 മാസമായി ശമ്പളം കൊടുക്കുന്നില്ല. അവർ സമരത്തിലാണ്. ഈ വരൾച്ചാകാലഘട്ടത്തിൽ കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിന്, ഒന്ന് വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിക്കണം. കളക്ടർമാർക്ക് അനുവദിക്കുന്ന ഫണ്ടിന്റെ നല്ലൊരു അംശം. എല്ലാ ജില്ലകളിലും ഒരുപോലെയാകരുത്. വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിച്ച കൊല്ലം ജില്ലയിൽ, വാട്ടർ അതോറിറ്റി വഴി മാത്രമേ താൽക്കാലികമായി പെട്ടെന്നുള്ള ജലക്ഷാമത്തിന് പരിഹാരം കാണാൻ പറ്റുകയുള്ളു. പമ്പ് സെറ്റുകൾ ഡിഫക്ട് ആയത് നന്നാക്കണം. അതുപോലെ അടിയന്തരമായി ലൈൻ എക്സ്ടെൻഷൻ വേണ്ടിവന്നാൽ അതിന്റെ പണിയും ചെയ്യണം. പണ്ടുകാലത്തും ചെയ്തിട്ടുള്ളത് അങ്ങനെയാണ്. അതിന് വാട്ടർ അതോറിറ്റിക്ക് പണം ആവശ്യമാണ്. അതോടൊപ്പം

തന്നെ ഗ്രാമപഞ്ചായത്തുകളിലെ ചില സ്ഥലങ്ങളിൽ ട്യൂബ് വെല്ലുകളും ബോർവെല്ലുകളും ഇല്ല. ട്യൂബ് വെല്ലുകൾ കുഴിക്കാൻ കഴിയാത്ത ചില പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങൾ ബേർവെല്ലിനും പറ്റില്ല. ആ പ്രദേശങ്ങ ളിലാണ് കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കുന്നത്. വരൾച്ചാകാല ഘട്ടത്തിൽ അവിടെ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കണം. ഈ കാര്യ ങ്ങൾക്ക് സമഗ്രമായി ചർച്ചനടത്തുന്നതിന്, ജില്ലകളിൽ മന്ത്രിമാരെ നിയോ ഗിച്ചെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. മന്ത്രിമാരൊന്നും ഇതി നകം ആക്ട് ചെയ്തു തുടങ്ങിയിട്ടില്ല. കളക്ടർമാർക്ക് കിട്ടിയ ഫണ്ട് അവർ പോക്കറ്റിൽ വച്ചിരിക്കുകയാണ്. കളക്ടർമാരും ജില്ലകളിൽ നിയോ ഗിച്ചിട്ടുള്ള മന്ത്രിമാരും ഈ കാര്യത്തിൽ ഒരു അടിയന്തരമായി ഇടപെട ണം. അടിയന്തിര പ്രമേയം ചർച്ച ചെയ്യാൻ കൂട്ടാക്കത്തതിൽ പ്രതിഷേധി ച്ചാണ് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നത്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. തോമസ് ചാണ്ടി: സർ, പാലക്കാടും കേരളത്തിന്റെ മറ്റുപലഭാഗ ങ്ങളിലും വരൾച്ചയാണ് പ്രശ്നമെങ്കിൽ, കുട്ടനാട്ടിൽ കൃഷിനാശമാണ്. അവിടെ ഇരിമ്പനം പാടശേഖരത്തിൽ മടവീണ് 200 വീടുകളിലും ഇപ്പോൾ വെള്ളമാണ്. റോഡ് മുങ്ങിക്കിടക്കുകയും ബസ്സ് സർവ്വീസ് നില ച്ചിരിക്കുകയുമാണ്. സി ബ്ലോക്കിൽ രണ്ടാമതും മടവീണു. രാമപുരം കായ

ലിലും മടവീണു. ഞാൻ ചോദിക്കുന്നത്, കളക്ടർമാരെ അവിടെ വച്ചിരിക്കുന്നത് എന്തിനാണ്? 5 ലക്ഷം രൂപ ഡിസാസ്റ്റർ മാനേജ്മെന്റിൽപ്പെടുത്തി അടിയന്തരമായി ആ മടകെട്ടി കൊടുക്കാമെങ്കിൽ, ഒരു സീസണിൽ കൃഷിയില്ലാതെ വരികയാണ്. പത്തനംതിട്ട ജില്ലയിലെ ശ്രീ. രാജു എബ്രഹാം പറഞ്ഞത് 5 ലക്ഷം രൂപ കളക്ടറോട് ചോദിച്ചു, കിട്ടാനില്ല എന്നാണ്. ഞാൻ ചോദിക്കുന്നത്, എല്ലാ കളക്ടർമാർക്കും ഡിസാസ്റ്റർ മാനേജ്മെന്റിൽപ്പെടുത്തി 5 കോടി രൂപ വീതം നൽകണം. ആവശ്യം വന്നാൽ ചെലവാക്കുന്നതിനായി 14 ജില്ലകൾക്കായി 70 കോടി രൂപ കൊടുക്കുകയെന്നുള്ളത് ഈ സംസ്ഥാനത്തിന് വലിയൊരു വിഷയമാണോ? ആലപ്പുഴ കളക്ടർ നിസ്സഹായനായി കൈമലർത്തി കാണിക്കുന്നു. 5 കോടി രൂപ കളക്ടർമാർക്ക് ആവശ്യംവന്നാൽ എടുക്കത്തക്കരീതിയിൽ ഒരു അധികാരം കൊടുത്ത് ആ ഫണ്ട് അവയിലബിളാക്കാമെങ്കിൽ ഇവിടെ ഇപ്പോൾ ഉയർന്നുകേട്ട പലപ്രശ്നങ്ങൾക്കും പരിഹാരമാകും. അതുകൊണ്ട് തീർച്ചയായും ഈവക വിഷയങ്ങൾ ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)